ചവറ പോലീസ് ഇൻസ്പെക്ടരുടെ ക്രമവിരുദ്ധനടപടി.

* 879. [57] ശ്രീ. പി. ഭാസ്കരൻനായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ പോലീസ് സബ്ബ് ഇൻസ്പെക്ടർ ശ്രീ. ഋഷികേശൻ നായർ തന്റെ അധികാരപരിധിക്കപ്പുറത്തു സ്ഥിതി ചെയ്യുന്ന ഒരു വീട്ടിൽ 1955 ജൂലായ് 31-ാംനു അർദ്ധരാത്രിസമയത്തു ആയുധധാരികളായ പോലീസുകാരോടും മറ്റ് അനുയായികളോടും കൂടി പുരവാരൽ ചവുട്ടിത്തുറന്നു ന്യായരഹിതമായി അകത്തു പ്രവേശിച്ചു് അവിടെ കിടന്നുറങ്ങുകയിരുന്ന ചില ആളുകളെ അക്രമമായി കയ്യേറ്റം ചെയ്യുകയും വീട്ടുസാമാനങ്ങൾക്കു നശിപ്പിക്കുകയും ചെയ്തതായി കൃത്യസമയം ആ വീട്ടിലുണ്ടായിരുന്ന ദൃക്സാക്ഷിയായ ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള എം. എൽ. എ. ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വീടിന്റെ ഉടമസ്ഥനായ ശ്രീ. കരുണാകരൻ നായർ എന്തെങ്കിലും പരാതി ഈ സംഭവം സംബന്ധിച്ചു ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ സംഭവത്തെപ്പറ്റി അന്വേഷണം നടത്തിയോ;

(ഡി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെ സംബന്ധിച്ചു് എത്ര പരാതികൾ കഴിഞ്ഞ 12 മാസങ്ങൾക്കുള്ളിൽ ഗവണ്മെൻറിനോ ഡിപ്പാർട്ട്മെൻറിനോ ലഭിച്ചിട്ടുണ്ടു്;

(ഇ) എന്തെങ്കിലും ശിക്ഷണനടപടി ഏതെങ്കിലും കാരണത്തിനു ഈ സബ്ബ് ഇൻസ്പെക്ടരുടെ മേൽ കൈക്കൊണ്ടിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 1955 ജൂലായ് 31-ാംനു നടന്നതായി പറയുന്ന സംഭവത്തെപ്പറ്റി ശ്രീ. പി. ആർ. മാധവൻപിള്ള ഗവണ്മെൻറിനെ അറിയിച്ചിട്ടില്ല. എന്നാൽ 18-7-55-ൽ ഇപ്രകാരം ഒരു സംഭവം നടന്നതായി ശ്രീ. മാധവൻപിള്ള ഗവണ്മെൻറിൽ ഒരു പരാതി സമർപ്പിച്ചിട്ടുണ്ടു്.

(ബി) 22-7-55-ൽ ചവറ പോലീസ് ഇൻസ്പെക്ടരും പാർട്ടിയും തന്റെ വീട്ടിൽ അനധികൃതമായി പ്രവേശിച്ചു എന്നും മറ്റും കാണിച്ചു ശ്രീ സി. പി. കരുണാകരൻപിള്ള എന്നൊരാൾ ഒരു ഹോമാക്കാം അയച്ചിരുന്നതു ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടു്.

(സി) നടത്തി.

(ഡി) 24.

(ഇ) പരാതികൾ അടിസ്ഥാനരഹിതമാണെന്നു കാണപ്പെട്ടതിനാൽ സബ്ബ് ഇൻസ്പെക്ടരുടെമേൽ ശിക്ഷണനടപടികൾ എടുത്തിട്ടില്ല.

പോലീസ് കാൺസ്റ്റബ്ബിൾമാരിൽ സ്ഥിരപ്പെടുത്താത്തവർ.

* 880. [60] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി പോലീസിൽ അഞ്ചും കൂടുതലും വർഷം സർവീസുള്ള കാൺസ്റ്റബ്ബിൾമാരിൽ സ്ഥിരപ്പെടുത്താത്തവരുടെ എണ്ണം എത്ര;

LIBRARY ARCHIVES Kerala Legislative Assembly